19473
29/10/19

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതം 1000 രൂപ എന്ന് നിജപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

**സ.ഉ.(സാധാ)നം.689/2019/മ.തു.വ          തീയതി, തിരുവനന്തപുരം, 23/09/2019**

==========================================================================

പരാമർശം : 1. സ. ഉ. (കൈ) നം 45/2018/മ.തു.വ, തീയതി 15/11/2018

2. 22/07/2019 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഓഖി പുനരധിവാസ പ്രവർത്തനങ്ങളുടെ അവലോകന യോഗം.

**<u>ഉത്തരവ്</u>**

1) ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ തമ്മിൽ ആശയ വിനിമയം നടത്തുവാനും രക്ഷാപ്രവർത്തനം ദ്രുതഗതിയിലാക്കുവാനും മത്സ്യത്തൊഴിലാളികളിൽ നിന്നും തെരെഞ്ഞെടുക്കുന്ന 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഗുണഭോക്തൃ വിഹിതമായി ഒരു യൂണിറ്റിന്റെ (ഒരു യൂണിറ്റ് 96,261/- രൂപ) 10% തുക അടയ്ക്കണമെന്നും പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരുന്നു.

2) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 22/07/2019 ന് നടന്ന യോഗത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോണിന്റെ യൂണിറ്റ് കോസ്റ്റായ 96,261/- രൂപയുടെ 10% ആയ 9626/- രൂപ അടയ്ക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ തുകയിൽ ഇളവനുവദിക്കണമെന്ന അഭിപ്രായം ഉയർന്നിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കുന്നതിന് നിഷ്കർഷിച്ചിരുന്നു. യൂണിറ്റ് കോസ്റ്റിന്റെ 10% തുക അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി 1000/- രൂപ അടയ്ക്കണമെന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഫിഷറീസ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

2...

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി.എം.ഡി) വകുപ്പ്
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ